പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1173** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>ശബരിമല കാലത്തെ മുന്നൊരുക്കം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി ഉമ തോമസ്
ശ്രീ. സേനാപതി വേണു
ശ്രീ. വി. ടി. സൂരജ്
ശ്രീ. എം. എം. നസീർ

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** ഈ വർഷത്തെ ശബരിമല തീർത്ഥാടന കാലത്തെ മുന്നൊരുക്കം എന്ന നിലയിൽ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ഈ വർഷത്തെ ശബരിമല തീർത്ഥാടനത്തിന്റെ മുന്നൊരുക്കങ്ങളുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ വകുപ്പിലെ മറ്റ് ഉദ്യോഗസ്ഥൻമാരുമായി പമ്പയിൽ വച്ച് യോഗം ചേർന്നിരുന്നു. ടി യോഗ തീരുമാന പ്രകാരം 17.09.2026-ലെ GO(Rt)No.1076/2026/PWD പ്രകാരം 90 പ്രവൃത്തികൾക്കായി 551.5011 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.ആയതിന് അടിയന്തരമായി സാങ്കേതികാനുമതി നൽകി പ്രവൃത്തി ക്രമീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

കൂടാതെ അപകടമേഖലകളിലെ റോഡുകളുടെ നവീകരണത്തിനായി 60 പ്രവൃത്തികളിലായി 13.19 കോടി രൂപയുടെ അംഗീകാരം KSRA യിൽ നിന്നും Order No.A2/1236/2026/KRSA dated 28.09.2026 പ്രകാരം നൽകിയിട്ടുണ്ട്. ആയതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി അടിയന്തിരമായി ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**(ബി)** ശബരിമല തീർത്ഥാടനത്തിനായി എത്തുന്ന ഭക്തജനങ്ങൾക്ക് സുഗമമായ യാത്രക്കായി പാതകളുടെ അറ്റകുറ്റപ്പണികളും പുനരുദ്ധാരണ പ്രവർത്തനങ്ങളും നടത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

**<u>മറുപടി:</u>** ഈ വർഷത്തെ ശബരിമല തീർത്ഥാടനത്തിന്റെ മുന്നൊരുക്കങ്ങളുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ വകുപ്പിലെ മറ്റ് ഉദ്യോഗസ്ഥൻമാരുമായി പമ്പയിൽ വച്ച് യോഗം ചേർന്നിരുന്നു. ടി യോഗ തീരുമാന പ്രകാരം 17.09.2026-ലെ GO(Rt)No.1076/2026/PWD പ്രകാരം 90 പ്രവൃത്തികൾക്കായി 551.5011 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.ആയതിന് അടിയന്തരമായി സാങ്കേതികാനുമതി നൽകി പ്രവൃത്തി ക്രമീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

കൂടാതെ അപകടമേഖലകളിലെ റോഡുകളുടെ നവീകരണത്തിനായി 60 പ്രവൃത്തികളിലായി 13.19 കോടി രൂപയുടെ അംഗീകാരം KSRA യിൽ നിന്നും Order No.A2/1236/2026/KRSA dated 28.09.2026

പ്രകാരം നൽകിയിട്ടുണ്ട്. ആയതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി അടിയന്തിരമായി ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**(സി)** ഇതുമായി ബന്ധപ്പെട്ട് അവലോകനയോഗം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ യോഗത്തിലെ പ്രധാന തീരുമാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

**<u>മറുപടി:</u>** ഉണ്ട്.തീർത്ഥാടനത്തിന് മുന്നോടിയായി ശബരിമലയിലേക്കുള്ള പ്രധാന റോഡുകൾ കുറ്റമറ്റ രീതിയിൽ പരിപാലിക്കുന്നതിനും റോഡ് സുരക്ഷ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും മറ്റ് വകുപ്പുകളുമായി സഹകരിച്ച് വേണ്ട നടപടികൾ കൈക്കൊള്ളാനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിൽ ഉള്ള ചാലക്കയം - പമ്പ റോഡ് (4.50 കി. മീ)-ന്റെ പുനരുദ്ധാരണ പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**